DESPATCHED
On..26/11/21.

22/11/21



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.386(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7168/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

ശ്രീമതി ജെ. ലീല,
എം.പി. ടൂർസ് & ട്രാവൽസ് സർവ്വീസ്,
തൈക്കാവുമ്പടി,
പിൻ – 686 692. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
മെഡിക്കൽ കോളേജ് ആശുപത്രി,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം. } എതിർകക്ഷി

| | | |
|---|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07/09/2020 | |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | | |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 06/07/2021 | |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 07/07/2021 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/08/2021 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/10/2021 | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/11/2021 | വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:പരാതി ഹർജിക്കാരി | ഹാജരായി | ഓഡിയോ |
| എതിർകക്ഷി | ഹാജരായി | |

## ഉത്തരവ്

ശ്രീമതി ജെ.ലീല കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയില്ല എന്നും ആയതിനാൽ ടിയാളുടെ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, 4.8.2020-ന് എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ ജി3/12404/2020/സ.മെ.കോ.ആ.നി. നമ്പർ കത്തിൽ പരാമർശിച്ച 27.7.2020 നമ്പർ കത്ത് ടിയാൾ അയച്ചതല്ലെന്നും, തൃശ്ശൂർ സ്റ്റേറ്റ് മെഡിക്കൽ ആഫീസിൽ നിന്നും ലഭിച്ച 29/5/2020 കത്തിന്റെ പകർപ്പ് 22/7/2020-ൽ അയച്ചിട്ടുള്ളതാണെന്നും, പ്രസ്തുത

പകർപ്പിലെ ക്രമനമ്പർ 1, 5 മുതൽ 10 വരെ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 23.3.2019 തീയതി ശ്രീമതി ജെ.ലീല എതിർകക്ഷി കാര്യാലയത്തിൽ സമർപ്പിച്ചിരുന്ന അപേക്ഷയിലെ വിവരം വ്യക്തമല്ലാത്ത സാഹചര്യത്തിൽ ആവശ്യപ്പെടുന്ന വിവരം വ്യക്തമാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 26.3.2019 തീയതി അറിയിച്ചിരുന്നു എന്നും തുടർന്ന് ഹർജിക്കാരി 3.10.2019 തീയതി മറ്റൊരപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടി അപേക്ഷയിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നതിനായി ടി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ കാലയളവിലെ Antilyse 50mg injection ന്റെ tax invoice pouch നൽകണമെന്ന് അപേക്ഷിച്ചിരുന്നു എന്നും ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വിവരം ലഭ്യമായതനുസരിച്ച് ശ്രീമതി ജെ.ലീല (ഐ.പി. നം.174986/16) സി.ജി.എച്ച്.എസ്. സ്കീമിൽ ഉൾപ്പെട്ടിരുന്നുവെന്നും ടി വ്യക്തി 21.1.2016-ൽ ടി ആശുപത്രിയിലെ യൂണിറ്റിൽ അഡ്മിറ്റാകുകയും 25.01.2016-ൽ ഡിസ്ചാർജ് ആകുകയും ചെയ്തിരുന്നുവെന്നും എന്നാൽ ടി ഓഫീസിലെ സി.ജി.എച്ച്.എസ്. രജിസ്റ്ററുകൾ പരിശോധിച്ചതിൻ പ്രകാരം ടി വ്യക്തി സി.ജി.എച്ച്.എസ്. സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നില്ല എന്നും ആയതിനാൽ ടി വ്യക്തി ആവശ്യപ്പെടുന്ന pouch & tax invoice of injection antilyse 50mg ലഭ്യമാക്കാൻ സാധ്യമല്ലെന്ന് 31.10.2019-ന് മറുപടി നൽകി എന്നും സ്കീമുകളിൽ ഉൾപ്പെടുന്ന വ്യക്തികൾ ആശുപത്രികളിൽ ചികിത്സ തേടി എത്തുമ്പോൾ ബന്ധപ്പെട്ട ആശുപത്രികളിൽ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ടെന്നും ശ്രീമതി ജെ.ലീല സി.ജി.എച്ച്.എസ്. സ്കീമിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ചികിത്സ തേടിയപ്പോൾ ടി ആശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നില്ല എന്നും 14.9.2020-ന് ടിയാൾ മറ്റൊരപേക്ഷ കൂടി സമർപ്പിച്ചിരുന്നു എന്നും ടി അപേക്ഷയിൽ മുൻകത്തിൽ ഓഫീസിൽ ESIC Office -ൽ നിന്നും ലഭ്യമായ പകർപ്പിലെ ക്രമനമ്പർ 1, 5 മുതൽ 10 വരെയുള്ള രേഖകളുടെ പകർപ്പുകൾ നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു എന്നും എന്നാൽ ടിയാൾ ആവശ്യപ്പെട്ട ബില്ലുകൾ ടിയാളുടെ കേസ് ഷീറ്റ് പരിശോധിച്ചതിൽ നിന്നും ലഭ്യമായിരുന്നില്ല എന്നും ടി റിപ്പോർട്ടുകൾ എല്ലാം തന്നെ ചികിത്സ നേടിയിട്ടുള്ളവരുടെ കൈവശം കൊടുത്തുവിടാറാണുള്ളതെന്നും ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പുകൾ ടി കാര്യാലയത്തിൽ നിന്നും ലഭ്യമാക്കാൻ സാധ്യമല്ല എന്ന് 9.10.2020 തീയതി അപേക്ഷകയെ അറിയിച്ചിട്ടുള്ളതാണെന്നും വിവരാവകാശ നിയമപ്രകാരമല്ലാതെ 20.10.2020 പ്രകാരം മുൻ അപേക്ഷകളിൽ

ആവശ്യപ്പെട്ട വിവരം തന്നെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു എന്നും ആയതുപ്രകാരം 18.1.2020 തീയതി വീണ്ടും മറുപടി നൽകിയിരുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ടിരിക്കുന്നത് ESIC Office-ൽ ലഭ്യമായ കത്തിലെ ക്രമനമ്പർ 1, 5 മുതൽ 10 വരെയുള്ള രേഖകളുടെ പകർപ്പുകൾ നൽകണമെന്നതാണെന്ന് കാണുന്നു. എന്നാൽ ടി വിവരം എതിർകക്ഷി ഓഫീസിലെ ഫയലുകളിൽ ലഭ്യമല്ലെന്നാണ് ഹർജിക്കാരിയെ അറിയിച്ചിട്ടുള്ളത്. ടി വസ്തുത ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ഹർജിക്കാരിയുടെ 9446450628 എന്ന ഫോൺ നമ്പരിൽ എതിർകക്ഷി ബന്ധപ്പെട്ട് ഹർജിക്കാരിക്കോ ടിയാളുടെ പ്രതിനിധിക്കോ അവസരം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us